(സി) ഉണ്ടെങ്കിൽ എത്ര കാലത്തേക്കെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത റോഡുപണിയോടനുബന്ധിച്ച് കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ അപ്ഗ്രഡേഷൻ വിഭാഗത്തിൽ 600 കി. മീ റോഡും ഹെവി മെയിന്റനൻസ് വിഭാഗത്തിൽ 1000 കി. മീ. റോഡും വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ ഹെവിമെനിന്റനൻസ് വിഭാഗത്തിൽ 339.10 കി. മീ. റോഡും അപ്ഗ്രഡേഷൻ വിഭാഗത്തിൽ 254.71 കി. മീ. റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് പ്രത്യേകം ചേർത്തിട്ടുണ്ട്.*

(ബി) ഗ്യാരണ്ടി വാങ്ങിയിട്ടുണ്ട്.

(സി) ഒരു വർഷം.

(ഡി) ഉണ്ട്.

(ഇ) അപ്ഗ്രഡേഷൻ കൺസൾട്ടൻസി

റൈറ്റ്സ്, ബെക്ക & ഡബ്ല്യൂ. എസ്. എ. (joint venture)

ഹെവി മെയിന്റനൻസ് കൺസൾട്ടൻസി

ലീ അസോസിയേറ്റ്സ്, ഐ. സി. റ്റി.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് വികസിപ്പിച്ച റോഡുകൾ

40 (637) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഇതുവരെ എത്ര കിലോമീറ്റർ റോഡ് വികസിപ്പിച്ചു എന്നും ഏതെല്ലാം റോഡുകളാണ് വികസിപ്പിച്ചത് എന്നും വ്യക്തമാക്കാമോ ;

(ബി) അതിന് എന്തു തുക ചെലവായി ;

(സി) ഇപ്പോൾ ഏതെല്ലാം റോഡുകളുടെ വികസനമാണ് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടത്തുന്നത് എന്ന് അറിയിക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഒന്നാംഘട്ടത്തിൽ മെയിന്റനൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 13 റോഡുകളിൽ 339 കി. മീ. റോഡിന്റെ പണികൾ അന്തിമഘട്ടത്തിലും, അപ്ഗ്രഡേഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 254 കി. മീ.റോഡിന്റെ പണികൾ പ്രാരംഭഘട്ടത്തിലുമാണ്. (ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്)* ഈ പദ്ധതിയുടെ നടത്തിപ്പിനായി 2003 മെയ് മാസം വരെ 39.67 കോടി രൂപ ചെലവായിട്ടുണ്ട്.

റോഡു വികസന നയം രൂപീകരിക്കാൻ നടപടി

41 (638) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടത്തി ജനങ്ങളുടെ അഭിപ്രായമനുസരിച്ച് 'റോഡ് വികസന നയം' രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേ ഏതുഘട്ടം വരെയായി എന്നറിയിക്കാമോ ;

(സി) സർവ്വേ പൂർത്തിയാക്കി റോഡ് വികസന നയം രൂപീകരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ജനാഭിപ്രായം ആരാഞ്ഞുകൊണ്ട് ഒരു റോഡ് യൂസർ സർവ്വേ പൂർത്തിയായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(സി) 'റോഡ് വികസന നയം' രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

നബാർഡ് സഹായത്തോടെ പുനരുദ്ധരിച്ച റോഡുകൾ

42 (639) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ ചേലക്കര നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെ ഏതെല്ലാം റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ലഭ്യമാക്കിയ തുക എത്രയാണ് ;

(സി) 2002-2003 വർഷത്തിൽ ഏതെങ്കിലും പുതിയ റോഡുകൾക്ക് നബാർഡിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly